# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3295** — **22/08/2017-ന് മറുപടിക്ക്**

**പി.എസ്.സി. പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിലെ ക്രമക്കേടുകൾ**

**ചോദ്യം**

ശ്രീ.പി.കെ.ശശി

**ഉത്തരം**

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് അവലംബിച്ചു വരുന്നത്; ഇതു സംബന്ധിച്ച് പി.എസ്.സി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം; ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തുനടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിന് വേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ /സർവ്വ കലാശാലകളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യ സ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല.<br>ചോദ്യപേപ്പറിലെ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ അതത് |
| (ബി) | അടുത്തകാലത്ത് പാലക്കാട് ജില്ലയിൽ നടന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് പരീക്ഷ, വിവിധ ജില്ലകളിൽ നടത്തിയ എൽ.ഡി.സി. പരീക്ഷ തുടങ്ങി പല പരീക്ഷകൾക്കും ചില ഗൈഡുകളിലെ ചോദ്യങ്ങൾ അതേപടി പകർത്തി ചോദിച്ചതും തെറ്റായ ചോദ്യങ്ങൾ നിരവധി ഉണ്ടായതുമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എന്ത് | | |

| | | | |
|---|---|---|---|
| | നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി പരിശോധിച്ച് അവരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നടപടികൾ കൈക്കൊള്ളാറുണ്ട്. |
| (സി) | 2015-ലെ സ്റ്റാഫ് നഴ്സ് പരീക്ഷ ഉൾപ്പെടെ മുൻകാലങ്ങളിൽ നടന്ന പരീക്ഷാ ക്രമക്കേടുകളിൽ നടന്ന വിജിലൻസ് ഉൾപ്പെടെയുള്ള അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും | 01.12.2016 ന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയുടെ OMR പരീക്ഷയുടെ ചോദ്യകർത്താക്കളിൽ രണ്ട് പേർക്കെതിരെ, അവർ പി.എസ്. സി. നിർദ്ദേശങ്ങൾക്കെതിരായി പ്രവർത്തിച്ചതിനാൽ അന്വേഷണത്തിനും, ക്രിമിനൽ കേസെടുക്കുന്നതിനും വകുപ്പുതലനടപടികൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗൈഡുലോബിയുമായി ചേർന്ന് നടത്തിയ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. |
| (ഡി) | ഇത്തരം അന്വേഷണങ്ങളിൽ ഗൈഡുലോബികളുമായി ചേർന്നും അല്ലാതെയും ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ സംഭവങ്ങൾ ഏതെല്ലാം; കുറ്റക്കാരുടെ പേരിൽ എന്തുനടപടി സ്വീകരിച്ചു; | | |
| (ഇ) | പല പരീക്ഷകളിലും പി.എസ്.സി. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സിലബസ്സിന് പുറത്തുനിന്ന് ചോദ്യങ്ങൾ ചോദിക്കുന്നതും ഗൈഡുകൾ/പുസ്തകങ്ങൾ ഇവ പകർത്തി അതേ ചോദ്യങ്ങൾ ചോദിക്കുന്നതുമായ പ്രവണതയും അതിലെ അഴിമതിയും തടയുവാനും പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്താനും എന്തുനടപടികൾ സ്വീകരിക്കും എന്നും | (ഇ) | ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിന് വേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ /സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യ സ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല.<br>ചോദ്യപേപ്പറിലെ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ അതത് വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി പരിശോധിച്ച് അവരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നടപടികൾ കൈക്കൊള്ളാറുണ്ട്. |

**സെക്ഷൻ ഓഫീസർ**